**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 769** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി നിയോജക മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ,മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | ASE Work - Reformation of the damaged sea wall near south of CP Stone 2173 at Chalil in Thalassery Municipality in Kannur District | പ്രവൃത്തിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | Construction of Regulator Cum Bridge at Olavilam Pathikkal in Chokli Panchayath in Thalassery Constituency, Kannur District | പ്രവൃത്തി നിലവിൽ 68% പൂർത്തീകരിക്കുകയും ബാക്കി പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഒളവിലം-പാത്തിക്കൽ പ്രദേശത്ത് ഉപ്പുവെള്ളം തടയുന്നതിനും ഗതാഗതത്തിനുമായി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം, പാലത്തിന്റെ മുകൾഭാഗത്ത് 3 കിലോമീറ്റർ നീളത്തിൽ പാലാഴി തോടിന്റെ പാർശ്വഭിത്തി നിർമ്മാണം മുതലായ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് പാലത്തിലൂടെയുള്ള ഗതാഗതം തുറന്നുകൊടുക്കുന്നതിനായി അപ്രോച്ച് റോഡിന് ആവശ്യമായ പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും, പാലം, അപ്രോച്ച് റോഡിന്റെ സൈഡ് വാൾ തുടങ്ങിയ നിർമാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് ഫില്ലിംഗ് പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ജൂൺ മാസാവസാനത്തോടെ പാലം താൽക്കാലികമായി ഗതാഗതത്തിനായി തുറന്നുകൊടുക്കുന്നതിനുള്ള നിർമാണപ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കി വരുന്നു. കൂടാതെ, പാലാഴി തോടിന്റെ പാർശ്വഭിത്തി നിർമ്മാണം ഏകദേശം 500 മീറ്റർ നീളത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | റെഗുലേറ്റർ ഷട്ടർ സ്ഥാപിക്കൽ, ജനറേറ്റർ റൂം നിർമ്മാണം തുടങ്ങിയ അനുബന്ധ പ്രവൃത്തികളും പാലാഴി തോടിന്റെ ശേഷിക്കുന്ന ഏകദേശം 2.5 കിലോമീറ്റർ നീളത്തിലുള്ള പാർശ്വഭിത്തി നിർമ്മാണവുമാണ് പൂർത്തീകരിക്കാനുള്ളത്. നിലവിൽ മൺസൂൺ ആരംഭിച്ചതിനാൽ തോടിന്റെ കരയിൽ നിർവഹിക്കാവുന്ന നിർമ്മാണപ്രവൃത്തികൾ മാത്രം തുടരുകയാണ്. തോടിനുള്ളിൽ നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾ മഴക്കാലം അവസാനിച്ചതിനുശേഷം പുനരാരംഭിച്ച്, 2027 മെയ് മാസത്തോടെ പദ്ധതി പൂർണമായും പൂർത്തീകരിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. |

Sandhya

**സെക്ഷൻ ഓഫീസർ**